പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3009 — 11/12/2014 ൽ മറുപടിയ്ക്ക്

## പാഠപുസ്തകവിതരണം

| ചോദ്യം | | ഉത്തരം |
|---|---|---|
| | ശ്രീ. എ.കെ. ബാലൻ :<br>ശ്രീ. എസ്.ശർമ്മ :<br>ശ്രീ. രാജു എബ്രഹാം :<br>ശ്രീ. ആർ. രാജേഷ് : | ശ്രീ: പി.കെ. അബ്ദുറബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| എ) | സംസ്ഥാനത്തെ സ്കൂളുകളിൽ ഈ അദ്ധ്യയന വർഷത്തെ പാഠപുസ്തക വിതരണം പൂർത്തിയായിട്ടുണ്ടോ ; എങ്കിൽ ഒന്നാം ഭാഗം പുസ്തകവിതരണം എന്നാണ് പൂർത്തിയാക്കിയത് എന്നറിയിക്കാമോ ; | (എ) പൂർത്തിയായിട്ടുണ്ട്. ഒന്നാംഘട്ട പുസ്തക വിതരണം ഓണപ്പരീക്ഷയ്ക്ക് മുമ്പ് തന്നെ പൂർത്തിയായിട്ടുണ്ട്. |
| ബി) | ഒന്നാം ഭാഗം പാഠപുസ്തകം അച്ചടിച്ചതിന്റെയും വിതരണം ചെയ്തതിന്റെയും കണക്കുകൾ ലഭ്യമാക്കുമോ ; | (ബി) അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| സി) | ഇന്റന്റ് നൽകിയ സർക്കാർ എയ്ഡഡ് സ്കൂളുകൾക്ക് യഥാസമയം പാഠപുസ്തകം നൽകാതെ അൺ എയ്ഡഡ് സ്കൂളുകൾക്ക് വിൽക്കുന്നുണ്ടെന്ന പരാതി ഉയർന്നിട്ടുണ്ടോ ; വസ്തുത പരിശോധിച്ചിട്ടുണ്ടോ ; വിശദാംശം നൽകാമോ ; | (സി) പരാതി ലഭിച്ചിട്ടില്ല. സർക്കാർ/എയ്ഡഡ്/ അൺ എയ്ഡഡ് എന്നീ മൂന്ന് വിഭാഗങ്ങൾക്കും യഥാസമയം പുസ്തകങ്ങൾ നൽകാൻ കഴിഞ്ഞിട്ടുണ്ട്. അൺ എയ്ഡഡ് സ്കൂളുകൾ ലഭിക്കേണ്ട പുസ്തകങ്ങളുടെ വില കണക്കാക്കി ബാങ്കിൽ തുക അടച്ച് ഡിമാന്റ് ഡ്രാഫ്റ്റ് സമർപ്പിക്കുന്ന മുറയ്ക്കാണ് പുസ്തകങ്ങൾ നൽകുന്നത്. |
| ഡി) | രണ്ടാം ഭാഗം പാഠപുസ്തകം സ്കൂളുകളിൽ എന്നു മുതൽക്കാണ് പഠിപ്പിച്ചു തുടങ്ങുന്നത് ; ഇതിന്റെ വിതരണം യഥാസമയം പൂർത്തിയാക്കാൻ കഴിഞ്ഞിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; രണ്ടാം പാദ പരീക്ഷ അടുത്തിട്ടും ഇതുവരെ പാഠപുസ്തകം ലഭിക്കാത്ത വിദ്യാർത്ഥികളുണ്ടോ ; | (ഡി) നവംബർ 1 മുതലാണ് രണ്ടാം ഭാഗം പാഠപുസ്തകങ്ങൾ പഠിപ്പിച്ച് തുടങ്ങുന്നത്. രണ്ടാംഘട്ട പാഠപുസ്തക വിതരണം യഥാസമയം കെ.ബി.പി.എസ്. എ.എം.ജി മുഖേന പൂർത്തിയാക്കിയിട്ടുണ്ട്. വിദ്യാഭ്യാസ ഉപ ഡയറക്ടർമാരിൽ നിന്നും ശേഖരിച്ച കണക്ക് പ്രകാരം പാഠപുസ്തകങ്ങൾ കുറവ് രേഖപ്പെടുത്തിയ ജില്ലകളിൽ എത്രയും വേഗം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. രണ്ടാം ഭാഗം പാഠപുസ്തകങ്ങൾ ലഭിച്ചിട്ടില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

| | |
|---|---|
| ഇ) പാഠപുസ്തകങ്ങളുടെ അച്ചടിയും വിതരണവും യഥാസമയം നടത്താൻ കഴിയാത്തതിന്റെ കാരണം വിശദമാക്കാമോ ? | (ഇ) പാഠ പുസ്തകങ്ങളുടെ അച്ചടിയും വിതരണവും യഥാസമയം തന്നെ നടത്താൻ കഴിഞ്ഞിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ